പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1875

17.06.2013-ൽ മറുപടിക്ക്.

## സെൻട്രൽ പോലീസ് കാന്റീൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം നന്ദാവനത്തുള്ള സെൻട്രൽ പോലീസ് കാന്റീനിൽ സി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത വിളക്കുതിരി, പാറ്റാഗുളിക തുടങ്ങിയവ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളും സി.പി.സി. കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് ഉൽപ്പന്നങ്ങളും വിൽക്കുന്നത് ആഭ്യന്തര വകുപ്പിന്റെ അറിവോടും അനുവാദത്തോടും കൂടിയാണോ ; | : (എ) ജി.ഒ.(എം.എസ്.) 176/2011/ആഭ്യന്തരം തീയതി 08.08.2011 പ്രകാരമാണ് കേരള പോലീസ് സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീൻ, സെൻട്രൽ പോലീസ് ക്യാന്റീനുമായി അംഗത്വത്തിൽ ചേർന്ന് പ്രവർത്തനം ആരംഭിച്ചത്. കേരള സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീൻ പ്രോഡക്ട് പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ള സാധനങ്ങൾ മാത്രമേ പോലീസ് ക്യാന്റീൻ വഴി വിൽക്കുന്നുള്ളൂ. കരിമ്പട്ടികയിലുള്ള ഇലക്ട്രോണിക് ഉൽപ്പന്നങ്ങളും മറ്റ് വസ്തുക്കളും പോലീസ് ക്യാന്റീൻ വഴി വിൽക്കുന്നില്ല. |
| (ബി) അല്ലെങ്കിൽ ആയത് നിർത്തലാക്കുവാനും പ്രസ്തുത വിൽപ്പന നടത്തിയതിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ? | : (ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ